# ലിറ്റിൽ കൈറ്റ്സ് ദ്വിദിന സഹവാസ ക്യാമ്പ് 2024

## GVHSS നടക്കാവ് February 24,25







ഞാൻ മൂന്നാമത്തെ തവണയാണ് സഹവാസ ക്യാമ്പിൽ പങ്കെടുക്കുന്നത്. ലിറ്റിൽ കൈറ്റ്സ് ജില്ലാ തല സഹവാസ ക്യാമ്പിൽ ആനിമേഷൻ വിഭാഗത്തിലാണ് എന്നെ തിരഞ്ഞെടുത്തത്. GVHSS നടക്കാവിൽ വച്ചായിരുന്നു ക്യാമ്പ്.സ്കൂളിൽ കയറിയപ്പോൾ തന്നെ ഞാൻ അത്ഭുതപ്പെട്ടുപോയി.നിറയെ പച്ചപ്പ് തന്നെ. ഗേറ്റിനടുത്ത് തന്നെ സെക്യൂരിറ്റി. അകത്തുനിന്ന് കയറുന്ന വഴിയിൽ മുഴുവൻ ചെടികൾ.Indoor,outdoor Stadium ഒക്കെ ഞാൻ കണ്ടു .ചുരുക്കത്തിൽ ഒരു വലിയ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള സ്കൂൾ തന്നെ.

വിവിധ ഉപജില്ലകളിൽ നിന്ന് വന്ന ധാരാളം കുട്ടികൾ ഉണ്ടായിരുന്നു. അപരിചിതത്വം എന്നെ വല്ലാതെ അലട്ടി. എല്ലാം പുതുമുഖങ്ങൾ. പിന്നീട് എല്ലാവരോടും സംസാരിച്ച സൗഹൃദം സ്ഥാപിച്ചു.

രാവിലെ രജിസ്ട്രേഷൻ ആരംഭിച്ചു ഞാൻ രണ്ടു സമ്മതപത്രങ്ങളായി ക്യൂ നിന്നു. അപ്പോൾ ഐഡി കാർഡും നോട്ടുബുക്കും പേനയും തന്നു. ഐഡി കാർഡ് ഇട്ടപ്പോൾ തന്നെ സുഖകരമായ ഒരു അനുഭൂതി എനിക്കുണ്ടായി.

ഒൻപതരയ്ക്ക് ഉദ്ഘാടന സെഷൻ ആയിരുന്നു. ആനിമേഷൻ അല്ലാതെ പ്രോഗ്രാമിങ് വിഭാഗത്തിലെ കുട്ടികളും ഉണ്ടായിരുന്നു. ഞങ്ങളെല്ലാവരും ഒരു ഹാളിലേക്ക് പോയി അവിടെ ചടങ്ങുകൾ ഓൺലൈൻ ആയിരുന്നു.എല്ലാ ജില്ലകളിലും നിന്നും ഓരോ സൂം മീറ്റിംഗ് വഴി ആയിരുന്നു ചടങ്ങുകൾ ഉള്ളത്. കേരളത്തിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന കൈറ്റ് സി.ഇ.ഒ അൻവർ സാദത്ത് സാർ പരിപാടി ഉദ്ഘാടനം ചെയ്തു. എല്ലാ ജില്ലയിലെ കുട്ടികളുമൊത്ത് സംവദിച്ചു.

പിന്നീട് പ്രോഗ്രാമിംഗ് കുട്ടികളെയും ആനിമേഷൻ കുട്ടികളെയും രണ്ട് ആയി വീതിച്ച് നാലുമുറികളിലാക്കി. നാരായണൻ സാറും നൗഫൽ സാറുമായിരുന്നു ഞങ്ങളുടെ ക്ലാസ്സിൽ.ആദ്യം തന്നെ പരിചയപ്പെടൽ സെഷൻ ആയിരുന്നു. ഞങ്ങൾ ആറു കുട്ടികളടങ്ങുന്ന നാല് ഗ്രൂപ്പുകൾ ആക്കി.എന്നിട്ട് ഓരോ കുട്ടികളും സ്വയം introduce ചെയ്തു.ഒരു ഗെയിമും ഉണ്ടായിരുന്നു. ഓരോ ഗ്രൂപ്പും ഓരോ ആനിമേഷൻ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ അടങ്ങുന്ന Jigsaw puzzle പൂർത്തീകരണം ആയിരുന്നു. അതായിരുന്നു ആ ഗെയിം.





പിന്നീട് ടീ ബ്രേക്കിന് ശേഷം ക്ലാസ് തുടങ്ങി. സാർ ധാരാളം



വീഡിയോകൾ കാണിച്ചു. പിന്നെ ലഞ്ച് ബ്രേക്കിന് ശേഷം ബ്ലെൻഡർ സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കേണ്ടത്.ആദ്യം തന്നെ ഒരു സമതലം വരച്ച് അതിന്റെ ഒരു കോർണറിൽ മലപോലെ ആക്കി കല്ലുകളും മുളങ്കാടുകളും മരത്തടിയും ചെടിയും പഴവും തയ്യാറാക്കി.



വൈകുന്നേരത്തെടീ ബ്രേക്കിന് ശേഷം Personal time സെഷൻ ആയിരുന്നു. രാവിലെ കണ്ടതിനപ്പുറം ഈ മനോഹരമായ ലോകം ഞാൻ ചുറ്റി നടന്നു. മറ്റ് സ്കൂളിൽനിന്ന് വ്യത്യസ്തമായിരുന്നു നടക്കാവ്.

അതിനിടയിൽ വേറൊരു സാർ വന്ന് രാത്രി ഉറങ്ങേണ്ട റൂം കാണിച്ചുതന്നു. ഞാൻ സാധനങ്ങളുമായി അവിടെ ചെന്നു. ബെഞ്ച് പിടിച്ച് റെഡിയാക്കി. വീണ്ടും ക്ലാസ് ആയിരുന്നു അപ്പോൾ കരടിയുടെ ശരീരം വരക്കുന്നതും കളർ നൽകുന്നതും പഠിപ്പിച്ചു.

ഭക്ഷണവും കഴിഞ്ഞ് രാത്രി ഒൻപത് മണി മുതൽ പന്ത്രണ്ട് മണി വരെ കൾച്ചറൽ പ്രോഗ്രാം ആയിരുന്നു. ഈ സ്കൂളിലെ തന്നെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയായ അഭിരാമി എന്ന കുട്ടിയായിരുന്നു പരിപാടിയുടെ അവതാരക. ധാരാളം കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. രാത്രി ഒരു അടിപൊളി വെടിക്കെട്ട് ഉണ്ടായിരുന്നു.

രാത്രി 12:30 റൂമിൽ എത്തി റെഡിയാക്കി കിടന്നു.ഉറക്കം വന്നില്ല. ഇടയ്ക്കൊക്കെ എഴുന്നേറ്റു. നല്ല കൊതുക് ഉണ്ടായിരുന്നു. രാത്രി ഒന്നരയ്ക്ക് ഉറങ്ങിയെങ്കിലും അഞ്ചുമണിക്ക് തന്നെ എണീറ്റു.

രാവിലെ എഴുന്നേറ്റ് കുളിച്ച് റെഡിയായി ചായയും കഴിഞ്ഞ് ഒൻപത് മണിക്ക് തന്നെ ക്ലാസ് തുടങ്ങി. കരടിയുടെ ചലനവും Title നിർമ്മാണവും പഠിപ്പിച്ചു.ഉച്ചയ്ക്ക് ചോറിനുശേഷം അസൈമെന്റ് പൂർത്തീകരണം സമയം ആയിരുന്നു. അഞ്ച് കഥ തന്നിട്ട് അതിലൊന്ന് തയ്യാറാക്കാൻ പറഞ്ഞു. ഞാൻ എനിക്ക് ആവുന്നത് പോലെ ചെയ്തു.






നാലരയ്ക്ക് സമാപന പരിപാടി ആയിരുന്നു. കൂടാതെ പിടിഎയും ഇന്നലെ രാത്രിയിലെ പരിപാടി അവതരിപ്പിച്ച അഭിരാമി എന്ന കുട്ടിയെയും ഞങ്ങളെ പരിപാടി ഡോക്യുമെന്റേഷൻ ചെയ്ത ഈ സ്കൂളിലെ തന്നെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അനുമോദിച്ചു. സബ്ജില്ലാതലത്തിൽ എല്ലാ കുട്ടികളുടെയും പേര് വിളിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. അതിനുശേഷം ഗ്രൗണ്ടിൽ നടന്നു പിന്നെ ഒരു ഗ്രൂപ്പ് ഫോട്ടോ ആയിരുന്നു. ഗ്രൗണ്ടിൽ പോയി എല്ലാവരും കൂടി ഒരുമിച്ച് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. ഉദ്ഘാടനത്തിന്റെ സമയത്ത് അവിടത്തെ ചുമരിൽ എഴുതിയത് ശ്രദ്ധിച്ചു ആയിരം മൈലുകൾ താണ്ടിയുള്ള യാത്രയാണെങ്കിലും അവ ആരംഭിക്കുന്നത് ഒരു ചുവടിൽ നിന്നാണ്

NIRANJ S RAJ ,Vadakkumpad HSS Paleri,Kunnummal